**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753</u>** **<u>09-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള മാരിടൈം ബോർഡ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കേരള മാരിടൈം ബോർഡ് എന്നാണ് രൂപീകരിച്ചതെന്നും ഏതെങ്കിലും നിയമത്തിന്റെയോ സ്റ്റാറ്റ്യൂട്ടിന്റെയോ ആക്ടിന്റെയോ അടിസ്ഥാനത്തിലാണോ ഇത് രൂപീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ ചുമതലകൾ എന്തൊക്കെയാണെന്നും പ്രസ്തുത ബോർഡ് രൂപീകരിക്കപ്പെടുന്നതിന് മുൻപ് പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചിരുന്നത് എന്ത് സംവിധാനത്തിലൂടെയാണെന്നുമുള്ള വിവരങ്ങൾ നൽകുമോ; വ്യക്തമാക്കാമോ; | (എ) | നിയമസഭ പാസാക്കിയ 16/09/2017 ലെ കേരള മാരിടൈം ബോർഡ് ആക്ട് (2017 ലെ 16) മുഖേനയാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടേയും ചില സംരംഭങ്ങളുടേയും ഭരണവും നിയന്ത്രണവും നടത്തിപ്പും നിക്ഷിപ്തമാക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുമാണ് കേരള മാരിടൈം ബോർഡ് രൂപീകരിച്ചത്.<br><br>കേരള മാരിടൈം ബോർഡ് രൂപീകരിക്കപ്പെടുന്നതിന് മുൻപ് പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചിരുന്നത് കേരള സർക്കാരിന്റെ തുറമുഖ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന തുറമുഖ ഡയറക്ടറേറ്റ് മുഖാന്തിരമായിരുന്നു. |
| (ബി) | കേരള ഇൻലാൻഡ് വെസ്സൽസ് റൂൾ 2010 പ്രകാരം ഉൾനാടൻ ജലഗതാഗതത്തിന് ആവശ്യമായ ഏതൊക്കെ ലൈസൻസുകളാണ് മാരിടൈം ബോർഡ് മുഖേന നൽകുന്നത്; അറിയിക്കുമോ; | (ബി) | കെ. ഐ. വി റൂൾ പ്രകാരം (പുതുക്കിയ ഇൻലാന്റ് വെസൽ റൂൾ) പ്രവർത്തിക്കുന്ന ബോട്ട് ജീവനക്കാർക്ക് ആവശ്യമായിട്ടുള്ള ലാസ്കർ, സ്രാങ്ക് , മാസ്റ്റർ ക്ലാസ് 2, മാസ്റ്റർ ക്ലാസ് -1, എഞ്ചിൻ ഡ്രൈവർ ക്ലാസ് – 2 , എഞ്ചിൻ ഡ്രൈവർ ക്ലാസ്-1, എഞ്ചിൻ സ്രാങ്ക് കം ഡ്രൈവർ എന്നീ ലൈസൻസുകളാണ് അനുവദിക്കുന്നത്. കൂടാതെ ബോട്ടുകൾക്ക് ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ചുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വാർഷിക സർവ്വേ സർട്ടിഫിക്കറ്റ്, ഡ്രൈഡോക്ക് സർവ്വേ സർട്ടിഫിക്കറ്റ് , ബോട്ട് യാർഡ് അക്രെഡിറ്റേഷൻ, ബോട്ട് ജെട്ടി പെർമിഷൻ എന്നിവയും അനുവദിച്ചുവരുന്നു. |
| (സി) | കനാൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ മുൻപ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന നൽകിവരുന്നതും ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ തസ്തികയ്ക്ക് ആവശ്യമായതുമായ ബോട്ട് | (സി) | കനാൽ നിയമപ്രകാരം ബോട്ട് മാസ്റ്റർ ലൈസൻസ് ടിക്കറ്റ് കളക്ടർക്കാണ് നൽകിയിരുന്നത്. കെ. ഐ. വി നിയമത്തിൽ സാങ്കേതിക പ്രാഗൽഭ്യം ആവശ്യമുള്ള തസ്തികയിലെ ജീവനക്കാർക്കുള്ള |

| | | | |
|---|---|---|---|
| | മാസ്റ്റർ ലൈസൻസ് നൽകുന്നതിന് മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ലൈസൻസുകളെ പറ്റിയാണ് അനുശാസിക്കുന്നത്. അതുകൊണ്ടുതന്നെ കെ. ഐ. വി നിയമത്തിൽ ബോട്ട് മാസ്റ്റർ ലൈസൻസിനെ പറ്റി പ്രതിപാദിക്കുന്നില്ല. എന്നാൽ കെ. ഐ. വി നിയമപ്രകാരം ഫസ്റ്റ് ക്ലാസ് മാസ്റ്റർ, സെക്കന്റ് ക്ലാസ് മാസ്റ്റർ എന്നീ ലൈസൻസുകൾ നൽകി വരുന്നുണ്ട്. ഇന്ത്യ ഗവണ്മെന്റിന്റെ പുതിയ ഇൻലാന്റ് വെസൽ റൂൾ 2022 പ്രാബല്യത്തിൽ വന്നതിനാൽ ബോട്ട് ജീവനക്കാർക്ക് ആവശ്യമായിട്ടുള്ള വിവിധ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ ഇനിമുതൽ ഈ റൂൾ പ്രകാരം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഇതുമൂലം പന്ത്രണ്ട് വർഷമായി അൻപതിലധികം ബോട്ട് മാസ്റ്റർ തസ്തികയിൽ നിയമനം നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കനാൽ നിയമപ്രകാരം ബോട്ട് മാസ്റ്റർ ലൈസൻസ് ടിക്കറ്റ് കളക്ടർക്കാണ് നൽകിയിരുന്നത്. കെ. ഐ. വി നിയമത്തിൽ സാങ്കേതിക പ്രാഗൽഭ്യം ആവശ്യമുള്ള തസ്തികയിലെ ജീവനക്കാർക്കുള്ള ലൈസൻസുകളെ പറ്റിയാണ് അനുശാസിക്കുന്നത്. അതുകൊണ്ടുതന്നെ കെ. ഐ. വി നിയമത്തിൽ ബോട്ട് മാസ്റ്റർ ലൈസൻസിനെ പറ്റി പ്രതിപാദിക്കുന്നില്ല. എന്നാൽ കെ. ഐ. വി നിയമപ്രകാരം ഫസ്റ്റ് ക്ലാസ് മാസ്റ്റർ, സെക്കന്റ് ക്ലാസ് മാസ്റ്റർ എന്നീ ലൈസൻസുകൾ നൽകി വരുന്നുണ്ട്. ഇന്ത്യ ഗവണ്മെന്റിന്റെ പുതിയ ഇൻലാന്റ് വെസൽ റൂൾ 2022 പ്രാബല്യത്തിൽ വന്നതിനാൽ ബോട്ട് ജീവനക്കാർക്ക് ആവശ്യമായിട്ടുള്ള വിവിധ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ ഇനിമുതൽ ഈ റൂൾ പ്രകാരം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ. |
| (ഇ) | 2010ലെ കേരള ഇൻലാൻഡ് വെസ്സൽസ് റൂളിൽ ആവശ്യമായ ദേഭഗതി വരുത്തി ബോട്ട് മാസ്റ്റർ ലൈസൻസ് കേരള മാരിടൈം ബോർഡ് മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | 2021 ലെ ഇൻലാന്റ് വെസ്സൽ ആക്ട് പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ 2010 ലെ കെ.ഐ.വി റൂൾ ഭേദഗതി ചെയ്യുന്നതിൽ പ്രസക്തിയില്ല. ബോട്ട് മാസ്റ്റർ തസ്തിക ഒരു ടെക്നിക്കൽ തസ്തികയാക്കി മാറ്റിയാൽ മാത്രമേ കേരള മാരിടൈം ബോർഡിന് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ